**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5815** **08-11-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്പിന്നിംഗ് മില്ലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിനുകീഴിൽ വരുന്ന സഹകരണ സ്പിന്നിംഗ് മില്ലുകളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; | (എ) | ടെക്സ്ഫെഡിനു കീഴിലുള്ള മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ എന്നിവിടങ്ങളിൽ ആധുനിക വൽക്കരണത്തിനുള്ള പ്രവർത്തന നടപടികൾ ഏറെക്കുറെ പൂർത്തിയാക്കുകയും തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ, ക്വയിലോൺ സഹകരണ സ്പിന്നിംഗ് മിൽ എന്നിവിടങ്ങളിൽ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയുമാണ്. മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ, ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്, കെ.കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മിൽ എന്നീ സഹകരണ സ്പിന്നിംഗ് മില്ലുകൾ പ്രവർത്തന ലാഭത്തിലാണ്. |
| (ബി) | ഇവയെ കാലഘട്ടത്തിനനുസരിച്ച് നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | സ്പിന്നിംഗ് മില്ലുകളെ കാലഘട്ടത്തിനനുസരിച്ചുള്ള നവീകരണത്തിനായി 10 വർഷക്കാലത്തേക്കുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. |
| (സി) | ഏതൊക്കെ സഹകരണ സ്പിന്നിംഗ് മില്ലുകളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ, ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്, കെ.കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മിൽ എന്നീ സഹകരണ സ്പിന്നിംഗ് മില്ലുകൾ ഇപ്പോൾ പ്രവർത്തന ലാഭത്തിലാണ്. |
| (ഡി) | സഹകരണ സ്പിന്നിംഗ് മില്ലിലെ തൊഴിലാളികളുടെ വേതന വ്യവസ്ഥ അവസാനമായി പരിഷ്കരിച്ചത് എപ്പോഴാണെന്ന് അറിയിക്കാമോ; വേതന വ്യവസ്ഥ പരിഷ്കരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) | ടെക്സ്ഫെഡിന്റെ കീഴിൽ വരുന്ന മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവിടങ്ങളിൽ 01.03.2021 മുതൽ 4 വർഷക്കാലത്തേക്കും ആലപ്പി സഹകരണ |

| | | | |
|---|---|---|---|
| | | | സ്പിന്നിംഗ് മിൽ 01.02.2021 മുതൽ 4 വർഷക്കാലത്തേക്കും തൊഴിലാളികൾക്ക് വേതന ഘടന, ദീർഘകാല കരാർ എന്നിവ പുതുക്കി നൽകിയിട്ടുണ്ട്. കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്, കെ.കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ എന്നീ മില്ലു കളിലെ വേതന വ്യവസ്ഥ പരിഷ്കരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ